**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1926** **08-02-2023 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാനത്ത് നിന്നും വരുന്ന പാലുല്പന്നങ്ങളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനത്ത് നിന്നും വരുന്ന പാൽ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്താനും അല്ലാത്തവ അതിർത്തിയിൽ തന്നെ തടയാനുമുള്ള പദ്ധതികൾ ഉണ്ടോ; വ്യക്തമാക്കാമോ? | (എ) | ക്ഷീരവികസന വകുപ്പിനു കീഴിൽ വിപുലമായ പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സംസ്ഥാനത്തിന്റെ ചെക്ക് പോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പാൽ പരിശോധിക്കുന്നതിന് വേണ്ടി സ്ഥിരം സംവിധാനം ക്ഷീരവികസന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കുമളിയിലും (ഇടുക്കി), വാളയാറിലും (പാലക്കാട്) ചെക്ക് പോസ്റ്റുകളിൽ താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്.<br><br>ക്ഷീരവികസന വകുപ്പിന്റെ പരിശോധനയിൽ പാൽ ഗുണമേന്മ ഇല്ലാത്തതാണെന്ന് കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യസുരക്ഷ വകുപ്പിന് കൈമാറുകയാണ് ചെയ്യുന്നത്. ഭക്ഷ്യസുരക്ഷ നിയമ പ്രകാരം ഗുണമേന്മ ഇല്ലാത്ത പാൽ കൊണ്ടുവരുന്നതിന്റെ പേരിൽ നിയമപരമായ തുടർനടപടികൾ സ്വീകരിക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിനാണ് അധികാരമുള്ളത്.<br><br>ഇതര സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി കേരളത്തിലേക്ക് കടന്ന് വരുന്ന പാൽ, പാൽ ഉൽപ്പന്നങ്ങൾ അതിർത്തിയിൽ പരിശോധിയ്ക്കുന്നതിന് ഭക്ഷ്യസുരക്ഷ വകുപ്പിൽ സ്ഥിരം സംവിധാനം ഇല്ല. എന്നാൽ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അപ്രതീക്ഷിത പരിശോധനകൾ നടത്തുകയും, FSW (Food Safety on Wheels) ഉപയോഗിച്ചുള്ള പ്രാഥമിക പരിശോധനയിൽ പ്രശ്നങ്ങൾ കണ്ടെത്തുന്ന വാഹനങ്ങൾ തടഞ്ഞുനിറുത്തി സാമ്പിളുകൾ ശേഖരിച്ച് NABL |

| | | | |
|---|---|---|---|
| | | | അംഗീകാരമുള്ള ലാബിൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ച് വരുന്നു. ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടുകൂടി ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് മൊബൈൽ ലാബുകൾ ഉപയോഗിച്ച് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് ഭക്ഷ്യസുരക്ഷ വകുപ്പ് പരിശോധനകൾ നടത്തി വരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ മൂന്ന് വർഷ കാലയളവിൽ ആകെ 9316 പാൽ പരിശോധനകൾ നടത്തുകയും, 845 സ്റ്റാറ്റ്യൂട്ടറി സാമ്പളുകളും 2695 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിയതിൽ 33 സാമ്പിളുകൾ Unsafe ആയും 32 സാമ്പിളുകൾ Substandard ആയും 5 സാമ്പിളുകൾ Misbranded ആയും പരിശോധനാ ഫലം ലഭിയ്ക്കുകയുണ്ടായി. Unsafe റിപ്പോർട്ടുകൾ ലഭിയ്ക്കുന്നവർക്കെതിരെ പ്രോസിക്യൂഷൻ കേസുകളും, Substandard റിപ്പോർട്ടുകൾ ലഭിയ്ക്കുന്നവർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്ത് നടപടികൾ തുടർന്ന് വരുന്നു. |

സെക്ഷൻ ഓഫീസർ